# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
*ഫോൺ:* 0481-2733370

## വാർത്താക്കുറിപ്പ്

**2026 മാർച്ച് 5**

---

## എംജിയിൽ സർട്ടിഫിക്കറ്റ് കോഴ്സ്

*'പോളിമേഴ്സ് ഇൻ വേസ്റ്റ് വാട്ടർ മാനേജ്മൻറ് ആൻഡ് വാട്ടർ ക്വാളിറ്റി മോണിറ്ററിങ് ടെക്നിക്സ്' എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി നടത്തുന്ന ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ജല ഗുണനിലവാര നിർണയം, മലിനജല സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സിദ്ധാന്തങ്ങളും പ്രായോഗിക പരിശീലനവും നൽകുന്നതാണ് കോഴ്സ്.*

KSCSTE- *ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെൻറ് ആൻഡ് മാനേജ്മെൻറ്* (CWRDM), *കാലടി ശ്രീശങ്കര കോളേജ് എന്നിവയുമായി സഹകരിച്ചാണ് കോഴ്സ് നടത്തുന്നത്. പ്രായോഗിക ക്ലാസുകൾ മഹാത്മാഗാന്ധി സർവകലാശാല ക്യാമ്പസിലും* CWRDM *ലും വിദഗ്ധരുടെ മേൽനോട്ടത്തിൽ സംഘടിപ്പിക്കും. ജോലി ചെയ്യുന്നവർക്കും വിദ്യാർത്ഥികൾക്കും ഉപകരിക്കുന്ന വിധത്തിൽ ഹൈബ്രിഡ് രീതിയിലും വാരാന്ത്യ/അവധിദിനങ്ങളിലുമായാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്.*

*പ്ലസ് ടു (സയൻസ്) യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് ദൈർഘ്യം ആറുമാസം. ഫീസ് 20,000 രൂപ. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മാർച്ച് 15.*

https://forms.gle/autfTBAqFhpW6FMD9 *എന്ന ലിങ്ക് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ്:*www.spst.mgu.ac.in
*ഫോൺ : 9995392693, 9497829740*

*(പി.ആർ.ഓ/39/207/2026)*

## എംജി സർവകലാശാലയിൽ എം.എ സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ്: അപേക്ഷ ക്ഷണിച്ചു

*മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് നടത്തുന്ന എംഎ സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആൻഡ് ആക്ഷൻ* (MA-SWDS&A) *കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഈ കോഴ്സ് ലഭ്യമായ കേരളത്തിലെ ഏക സർവകലാശാലയാണ് എംജി.*

*ആകെ 20 സീറ്റുകളാണുള്ളത്, യോഗ്യത: ബിരുദം, പ്രവേശന പരീക്ഷ/അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ* (RCI) *അംഗീകാരമുള്ള പ്രോഗ്രാമാണ് ഇത് തിയറി പഠനത്തിനൊപ്പം ആശുപത്രികൾ, എൻജിഒകൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയിൽ ഫീൽഡ് വർക്ക്, ഇന്റേൺഷിപ്പ് എന്നിവയും ഉൾപ്പെടും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ* (mgu.ac.in)

*(പി.ആർ.ഒ/39/208/2026)*

## ഡി വിനയചന്ദ്രൻ സ്മാരക പ്രഭാഷണ പരമ്പര

*മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിലെ മുൻ പ്രൊഫസറും മലയാളത്തിലെ പ്രിയ കവിയുമായ ഡി വിനയചന്ദ്രന്റെ സ്മരണാർത്ഥം സ്കൂൾ ഓഫ് ലെറ്റേഴ്സ് നടത്തിവരുന്ന പ്രഭാഷണ പരമ്പരയുടെ ഈ വർഷത്തെ ഉദ്ഘാടനം പ്രശസ്ത കവിയും അധ്യാപകനുമായ കെ ആർ ടോണി നിർവഹിച്ചു. തങ്ങളുടെ തലമുറയിലെ പല കവികളെയും രൂപപ്പെടുത്തുന്നതിൽ വിനയചന്ദ്രൻ വഹിച്ച പങ്ക് നിർണായകമായിരുന്നു എന്ന് ടോണി ഓർമ്മപ്പെടുത്തി. യാത്രകളുടെ സങ്കീർണതകളെ ആവിഷ്കരിക്കുന്നതായിരുന്നു വിനയ ചന്ദ്രൻെറ കവിതകൾ. ബൗദ്ധികതയും കാവ്യാനുഭൂതിയും സമ്മേളിക്കുന്നിടത്താണ് യഥാർത്ഥ കവിതകൾ ഉണ്ടാകുന്നത് എന്ന് ടോണി അഭിപ്രായപ്പെട്ടു. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ പ്രൊഫസർ സജി മാത്യു അധ്യക്ഷനായ യോഗത്തിൽ ഡോ.ദീപ റേച്ചൽ തോമസ്, ഫസൽ എന്നിവർ സംസാരിച്ചു.*

*(പി.ആർ.ഒ/39/210/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ഒന്നു മുതൽ നാലു വരെ സെമസ്റ്ററുകൾ എം.ടെക് (2015ന് മുമ്പുള്ള അഡ്മിഷനുകൾ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മാർച്ച് 30 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 31 വരെയും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ ഒന്നു വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/211/2026)*

പബ്ലിക് റിലേഷൻസ് ഓഫീസർ